നം.എ4-3344/2023/ജി.എച്ച്.റ്റി.

ജനറൽ ആശുപത്രി തിരുവനന്തപുരം
തീയതി,19/03/2024

# ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ വാർഡ് 8 ICUൽ സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ (Ashok Leyland 100kva ) തകരാർ പരിഹരിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്ന് മാനദണ്ഡങ്ങൾക്ക് വിധേയമായി മുദ്ര വച്ച മത്സര സ്വഭാവമുളള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊളളുന്നു..

കവറിനു പുറത്ത് ക്വട്ടേഷൻ നമ്പർ രേഖപ്പെടുത്തി സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, റെഡ് ക്രോസ്സ് റോഡ്, തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ **4/04/2024 വൈകുന്നേരം 04.00** മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ നൽകിയവരുടെയോ, അവർ രേഖാമൂലം അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ **5/04/2024 പകൽ 11.00** മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

അപേക്ഷയിൽ ക്വട്ടേഷൻ നമ്പർ, പ്രവൃത്തിയുടെ പേര്, വിലാസം, വില വിവരം എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നവർ അടിയന്തിരമായി പ്രസ്തുത വർക്കുകൾ പൂർത്തീകരിക്കേണ്ടതാകുന്നു. അവിചാരിതമായ കാരണത്താൽ പ്രസ്തുത ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതിന് സാധിക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. യാതൊരു വിധ കാരണവും കൂടാതെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ, പുനർ ക്വട്ടേഷൻ വിളിക്കുന്നതിനോ ഉളള പൂർണ്ണ അധികാരം സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം-ന് നിക്ഷിപ്തമായിരിക്കും. ക്വട്ടേഷനുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

പകർപ്പ്

1) നോട്ടീസ് ബോർഡ്, ജനറൽ ആശുപത്രി, തിരുവനന്തപുരം
2) ആരോഗ്യവകുപ്പ് ഡയറക്ടർ(വെബ്സൈറ്റ്)/ ജില്ലാ മെഡിക്കൽ ആഫീസ്സർ ഗവൺമെന്റ് കണ്ണാശുപത്രി/ ഗവൺമെന്റ് ഫോർട്ട് ഹോസ്പിറ്റൽ
3) ശേഖരം/ കരുതൽ ശേഖരം

GOVT. GENERAL HOSPITAL
Thiruvananthapuram-35